**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 680** **26-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾ പലതും കുഴികൾ രൂപപ്പെട്ട് വാഹനയാത്രക്കാർക്ക് ഭീഷണിയാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നിരത്ത് വിഭാഗത്തിന് കീഴിലെ റോഡുകൾ എല്ലാം തന്നെ ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ തുടർച്ചയായുള്ള മഴ, പൈപ്പ്ലൈൻ, കേബിൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള റോഡ് കുഴിക്കൽ തുടങ്ങിയ കാരണങ്ങളാൽ ചില ഭാഗങ്ങളിൽ റോഡുകൾക്ക് തകരാറുകൾ സംഭവിക്കുകയും വാഹനയാത്രക്കാർക്ക് ഭീഷണിയാകുകയും ചെയ്യുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡിലെ കുണ്ടും കുഴിയും ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ ആയവ സമയബന്ധിതമായി അറ്റകുറ്റപ്പണി ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വിവിധ വകുപ്പുകൾ പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് പൈപ്പുകളും, കേബിളുകളും സ്ഥാപിക്കുന്നത് മൂലം റോഡുകൾ തകർന്നുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (ബി) | വിവിധ വകുപ്പുകൾ പൊതുമരാമത്ത് റോഡുകൾ കുഴിച്ച് പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ 05.01.2018-ലെ സ.ഉ(സാധാ) നം. 30/2018/പൊ.മ.വ, 24.08.2018-ലെ സ.ഉ(സാധാ) നം. 1321/2018/പൊ.മ.വ എന്നിവ പ്രകാരം നിലവിലുണ്ട്. കൂടാതെ 30.07.2020-ലെ സ.ഉ(കൈ) നം.59/2020/പൊ.മ.വ പ്രകാരം റോഡ് കുഴിക്കുന്നതിനുള്ള അപേക്ഷകൾക്ക് എല്ലാം തന്നെ Right of Way of Portal മുഖേനയാണ് അനുമതി നൽകുന്നത്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ എല്ലാം തന്നെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ആയതിനാൽ വിവിധ വകുപ്പുകൾക്ക് തങ്ങളുടെ പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. ഇതുവഴി പുതുതായി നിർമ്മിച്ച റോഡുകൾ കുഴിക്കേണ്ടി വരുന്ന സാഹചര്യം പരമാവധി ഒഴിവാക്കാൻ സാധിക്കുന്നതാണ്. |
| (സി) | എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ? | (സി) | വിവിധ വകുപ്പുകൾ പൊതുമരാമത്ത് റോഡുകൾ കുഴിച്ച് പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ 05.01.2018-ലെ സ.ഉ(സാധാ) നം. 30/2018/പൊ.മ.വ, 24.08.2018-ലെ സ.ഉ(സാധാ) നം. 1321/2018/പൊ.മ.വ എന്നിവ പ്രകാരം നിലവിലുണ്ട്. കൂടാതെ 30.07.2020-ലെ സ.ഉ(കൈ) നം.59/2020/പൊ.മ.വ പ്രകാരം റോഡ് കുഴിക്കുന്നതിനുള്ള അപേക്ഷകൾക്ക് എല്ലാം തന്നെ Right of Way of Portal മുഖേനയാണ് അനുമതി നൽകുന്നത്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ എല്ലാം തന്നെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ആയതിനാൽ വിവിധ വകുപ്പുകൾക്ക് തങ്ങളുടെ പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. ഇതുവഴി പുതുതായി നിർമ്മിച്ച റോഡുകൾ കുഴിക്കേണ്ടി വരുന്ന സാഹചര്യം പരമാവധി ഒഴിവാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ